ഉത്തരം

(എ) സംസ്ഥാനത്തിന് വെളിയിൽ നിന്നുള്ളവരിൽ നിന്നു മാത്രമായി അപേക്ഷ ക്ഷണിച്ചിട്ടില്ല. നിയമനത്തെ സംബന്ധിച്ച പരസ്യങ്ങളും പത്ര ദ്വാരാ പ്രസിദ്ധപ്പെടുത്തുമ്പോൾ സംസ്ഥാനത്തിന് അകത്തു നിന്നോ വെളിയിൽ നിന്നോ അപേക്ഷ ക്ഷണിക്കുന്നു എന്നും എടുത്തു പറയാറില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല.

(ഇ) നടപടി സ്വീകരിച്ചു വരുന്നു.

മത്സ്യഫെഡ്ഡിന്റെ ബസ്സുകൾ

746. [1234] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ യാത്രാസൗകര്യം കണക്കിലെടുത്ത് മത്സ്യഫെഡ് എത്ര ബസ്സുകൾ ഏർപ്പെടുത്തിയിട്ടുണ്ട് ;

(ബി) ഈ ബസ്സുകൾ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ബസ്സിൽ യാത്ര ചെയ്യുന്ന സ്ത്രീകളിൽ നിന്നീടാക്കുന്ന തുകയിൽ കുറവ് വരുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഏതെങ്കിലും ജില്ലയ്ക്ക് നൽകിയ ബസ്സ് ഓടാത്ത അവസ്ഥ നിലവിലുണ്ടോ ?

ഉത്തരം

(എ) ഒമ്പത്.

(ബി) തിരുവനന്തപുരം ജില്ലയിൽ ആറും കൊല്ലം കോട്ടയം ജില്ലകളിൽ മൂന്നു ബസ്സുകൾ വീതവും ഓടിക്കുന്നുണ്ട്. കൂടാതെ കാസർകോട് ജില്ലയിൽ പ്രവർത്തിക്കുന്നതിന് ഒരു ബസ് ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ബസ് സർവ്വീസിനുവേണ്ടി ചെലവാകുന്ന തുകപോലും വസൂലാക്കാൻ കഴിയാത്ത ഇന്നത്തെ അവസ്ഥയിൽ യാത്രക്കൂലിയിൽ ഇനിയും ഇളവനുവദിക്കാൻ നിർവ്വാഹമില്ല.

(ഡി) ഉണ്ട്. കാസർകോട് ജില്ലയിൽ പ്രവർത്തിക്കുന്നതിനുവേണ്ടി അനുവദിച്ച ബസ്സ് ഒരു വിഭാഗം മത്സ്യത്തൊഴിലാളികളുടെ എതിർപ്പ് മൂലം സർവ്വീസ് നടത്താതിരിക്കുകയാണ്.

മത്സ്യക്കയറ്റുമതി

747. [1235] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1982-83, 1983-84, 1984-85, 1985-86 എന്നീ വർഷങ്ങളിൽ നമ്മുടെ സംസ്ഥാനത്ത് നിന്നും എത്ര രൂപയ്ക്ക് മത്സ്യം കയറ്റുമതി ചെയ്തിട്ടുണ്ടെന്ന് അറിയാമോ ?

ഉത്തരം

വിവരം താഴെ ചേർക്കുന്നു.

വർഷം	കയറ്റുമതി ചെയ്ത മത്സ്യത്തിന്റെ വില രൂപ കോടി കണക്കിൽ
1982-83	141.49
1983-84	140.85
1984-85	148.13
1985-86	138.08

LIBRARY ARCHIVES Kerala Legislative Assembly